# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 5134 15/11/2019-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതിയിൽ പട്ടികജാതി പട്ടിക വർഗകാർക്കു അനുവദിച്ച തുക

ചോദ്യം | ഉത്തരം

| ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ലൈഫ് പദ്ധതിയിൽ പട്ടികജാതി പട്ടിക വർഗ്ഗകാർക്കു 2019-20 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ അനുവദിച്ചു എന്ന് അറിയിക്കുമോ; | എ) | 2019-20 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പട്ടികജാതി വിഭാഗത്തിൽ ലൈഫ് രണ്ടും മൂന്നുംഘട്ട പദ്ധതികൾക്കായി 400 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ 102 കോടി രൂപയും ഉൾപ്പെടെ ആകെ 502 കോടി രൂപ 2019-20 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| ബി) | അനുവദിച്ച തുകയിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ? | ബി) | പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതമായി നൽകേണ്ട ടി തുക പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകളുടെ ബഡ്ജറ്റ് ഹെഡുകളിലാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ടി തുക അനുവദിച്ച് ലൈഫ് മിഷൻ നൽകുന്നത് പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേനയാണ്. പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതിനായി 100 കോടി രൂപയുടെ അപേക്ഷയും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി 102 കോടി രൂപയുടെ അപേക്ഷയും പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പിന് ലൈഫ് മിഷനിൽ നിന്നും നൽകിയിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് ആയത് ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ